പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2908

19.06.2014 ൽ മറുപടിക്ക്

<u>പെട്രോൾ പമ്പുകളുടെ പ്രവർത്തനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പെട്രോൾപമ്പുകളെ സംബന്ധിച്ചും പമ്പുകളുടെ സേവനങ്ങളെ സംബന്ധിച്ചും മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഗെഡ് ലൈനുകളിൽ അനുശാസിക്കുന്നത് എന്തെല്ലാം എന്നറിയിക്കുമോ; | (എ) | ഉണ്ട്; വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പെട്രോൾപമ്പുകളിലൽ പലതിലും ഇന്ധനങ്ങളിൽ മായം കലർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കൊണ്ടുണ്ടാകുന്ന പൊതു നഷ്ടവും മറ്റുപ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടികൾ സ്വീകരിക്കുമോ? | (ബി) | പെട്രോൾപമ്പുകളിലെ ഇന്ധനങ്ങളിൽ മായം കലർത്തുന്നതായി വകുപ്പിൽ പരാതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകളെ സംബന്ധിച്ചും പമ്പുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് പ്രകാരം, ഗുണനിലവാരമുള്ള പെട്രോളിയം ഉല്പന്നങ്ങൾ ശരിയായ അളവിലും വിലയിലും നല്കുവാൻ പെട്രോൾ പമ്പ് റീട്ടെയിൽ ഡീലർ ബാദ്ധ്യസ്ഥനാണ്. ഇതുകൂടാതെ താഴെപ്പറയുന്ന കാര്യങ്ങളും മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസിൽ അനുശാസിക്കുന്നുണ്ട്.

1. പെട്രോൾ ബങ്കുകളുടെ പ്രവർത്തന സമയം കാണിക്കുന്ന ബോർഡ് പ്രദർശിപ്പിച്ചിരിക്കണം. പ്രവർത്തന സമയങ്ങളിൽ പെട്രോൾ ബങ്കുകളിൽ വരുന്ന ഉപഭോക്താക്കളോട് മാന്യമായി പെരുമാറുകയും അവർക്ക് സൗജന്യമായി വെള്ളം, വായു, വെളിച്ചം, ടോയ്‌ലറ്റ് സൗകര്യം, ഫോൺ സൗകര്യം എന്നിവ നല്കുകയും ചെയ്യുകവഴി മികച്ച സേവനം ഉറപ്പാക്കേണ്ടതാണ്.
2. പരാതി/നിർദ്ദേശ രജിസറ്റർ സൂക്ഷിക്കേണ്ടതും ഇത് സൂക്ഷിച്ചിട്ടുണ്ടെന്ന് എഴുതി പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.
3. ഓരോ ഡീലറും തങ്ങളുടെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി ഔട്ട്ലെറ്റിൽ എഴുതി പ്രദർശിപ്പിക്കുകയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുകയും എണ്ണക്കമ്പനി അധികാരികൾ നല്കുന്ന കസ്റ്റമർ എഡ്യൂക്കേഷനെക്കുറിച്ചുള്ള പോസ്റ്ററുകളും, കസ്റ്റമർ സർവ്വീസ് സെല്ലിനെ കുറിച്ചുള്ള വിശദാംശങ്ങളും ഔട്ട്ലെറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.
4. പെട്രോൾ ബങ്കും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതും സുരക്ഷാ ഉപകരണങ്ങൾ പ്രവർത്തന യോഗ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതും അത്യാവശ്യ സന്ദർഭങ്ങളിൽ ഇതുപയോഗിക്കാൻ അറിവുള്ള ആളെ സ്റ്റാഫിൽ ഉൾപ്പെടുത്തേണ്ടതും ഔട്ട്ലെറ്റ് ഡീലറുടെ ചുമതലയാണ്.